# * തമിഴിലെ ആദ്യനോവൽ

## എൻ. വി. കൃഷ്ണവാരിയർ

മലയാളത്തിലെ ആദ്യത്തെ നോവൽ ശ്രീ. അപ്പുനെടുങ്ങാടിയെഴുതിയ "കുന്ദലത"യാണ്. കുന്ദലത പ്രസിദ്ധം ചെയ്യുന്നതിന് എട്ടുകൊല്ലം മുമ്പ്, 1879-ൽ ഒരു ഡിസ്ട്രിക്ട് മുൻസിഫായിരുന്ന മായൂരം വേദനായകം പിള്ള എഴുതി പ്രസിദ്ധംചെയ്ത "പ്രതാപമുതലിയാർ ചരിത്ര"മാണ് തമിഴിലെ ആദ്യ നോവൽ. ഈ പുസ്തകത്തെ വിമർശിച്ചെഴുതുന്ന ലേഖനങ്ങളിൽ മികച്ചതിന്നു ഒരു സമ്മാനം, തമിഴിലെ ഒന്നാംതരം സാഹിത്യമാസികകളിലൊന്നായ 'കലൈമകൾ' പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച സമ്മാനാർഹമായ വിമർശനം 1950 ഏപ്രിൽമാസത്തിലെ 'കലൈമകളി'ൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. 'പ്രതാപമുതലിയാർ ചരിത്ര'ത്തെപ്പോലെ തന്നെ തമിഴ് സാഹിത്യത്തിലെ നാഴികക്കല്ലുകളായി എണ്ണപ്പെടുന്ന മററു ഗ്രന്ഥങ്ങളെ സംബന്ധിച്ചും വിമർശന മത്സരം 'കലൈമകൾ' ഏർപ്പെടുത്തിവരുന്നുണ്ട്.

ഒരു സാമൂഹ്യാഖ്യായികയാണു 'പ്രതാപമുതലിയാർ ചരിത്രം' ഈസ്റ്റിൻഡ്യാ കമ്പനിയുടെ ഭരണത്തിന്റെ അവസാനകാലത്തിലെ അസ്വസ്ഥ പരിതഃസ്ഥിതികളിൽ തമിഴ് നാട്ടിലെ പണക്കാരായ വെള്ളാളരുടെ ഗൃഹജീവിതം ചിത്രീകരിക്കുകയാണ് ഈ ആഖ്യായികയുടെ ഉദ്ദേശ്യം. എന്നാൽ വെറും യാഥാർത്ഥ്യ ചിത്രണം കൊണ്ടു മാത്രം വേദനായകം പിള്ള തൃപ്തിപ്പെട്ടിട്ടില്ല. യാഥാർത്ഥ്യത്തിന് തന്റെ കാലത്തിലെ വായനക്കാരെ വശീകരിക്കാൻ വേണ്ട കഴിവുണ്ടാവുകയില്ലെന്നു അദ്ദേഹം കരുതി. അതിനാൽ വിക്രമാദിത്യൻ കഥകളേയോ ടാർസൻ പടങ്ങളേയോ അനുസ്മരിപ്പിക്കുന്ന പല അത്ഭുത സംഭവങ്ങളും അദ്ദേഹം സ്വന്തം ആഖ്യായികയിലുൾപ്പെടുത്തി. മദിരാശിക്കടുത്തു വേട്ടയ്ക്കുപോയ കഥാനായകനായ പ്രതാപമുതലിയാരെ ഒരു കാട്ടാനപിടിച്ചു കാടുകളും മലകളും പുഴകളും കടത്തി വിചിത്രമായ ഒരു ദേശത്തെത്തിക്കുന്നതും, കഥാനായികയായ ജ്ഞാനാംബാൾ ഇതേ ആനയുടെ സഹായത്തോടെ ഈ വിചിത്രപ്രദേശത്തുവന്നു പുരുഷവേഷം ധരിച്ചു ആകസ്മികമായി അവിടത്തെ ഭരണാധിപയാകുന്നതും മററും അത്യധികം താല്പര്യത്തോടെ വേദനായകം പിള്ള വർണ്ണിക്കുന്നുണ്ട്.

സമർത്ഥമായ മാനസികാപഗ്രഥനമോ, സ്വഭാവ ചിത്രീകരണമോ ഒന്നും, 'കുന്ദലത'യിലെന്നപോലെ 'പ്രതാപമുതലിയാർ ചരിത്ര'ത്തിലും പ്രതീക്ഷിക്കേണ്ടതില്ല. ഒന്നിനു പുറമെ ഒന്നായു

* ലോകവാണി, 15-8-1948.

---

കാണുമ്പോൾ നമുക്കു കൊതിയുണ്ടാവുക സാധാരണമാണ്. പതുക്കെപ്പതുക്കെയുള്ള ആ കാൽവെയ്പുകൾക്കൊരു മനോഹാരിതയുണ്ട്, ഒരോമനത്തമുണ്ട്.

പിരിയുമ്പോൾ നിങ്ങൾ ചോദിച്ചെന്നുവരും:

"ഇനിയെന്നാ കാണുക?"

"എപ്പോഴും" ആ പുഞ്ചിരികൊണ്ടു് നമ്മുടെ ഹൃദയവും റാഞ്ചിയെടുത്തുകൊണ്ടാണദ്ദേഹം പോവുക.

കഥകൾ അടുക്കിക്കെട്ടുന്ന ആഖ്യാന സമ്പ്രദായമാണ് ഈ ആഖ്യായികയിലുള്ളത്. വായനക്കാരെ സദാചാരത്തിലേക്കു തിരിക്കുവാൻ ഉപകരിക്കണമെന്ന ഉദ്ദേശത്താൽ സദ്ഗുണവാന്മാരായ കഥാപാത്രങ്ങളെ മാത്രമേ വേദനായകം സൃഷ്ടിച്ചിട്ടുള്ളൂ. വിനോദത്തിനും മററുമായി നിർബന്ധിക്കപ്പെട്ടിട്ടുള്ള അപ്രധാന കഥാപാത്രങ്ങൾ പോലും പറയത്തക്ക തിന്മകളൊന്നുമില്ലാത്തവരാണ്. നീതിബോധമെന്ന ഉദ്ദേശത്തെ മുൻനിറുത്തിത്തന്നെ, കഥാഗാത്രവുമായി വിശേഷിച്ചു ബന്ധമൊന്നുമില്ലാത്ത ഒട്ടേറെ ഉപകഥകളും ഈ ഗ്രന്ഥത്തിൽ ഏച്ചുചേർത്തിട്ടുണ്ട്. ഇടയ്ക്കിടെ കഥാപാത്രങ്ങൾ മുഖേനയുള്ള സദാചാരോപദേശങ്ങളും കുറവല്ല.

മഹാകവി ഭാരതിയുടെ ഗാനങ്ങളിലുള്ള ഉജ്ജ്വലമായ ദേശാഭിമാനം, ആ ഗാനങ്ങളേക്കാൾ മുമ്പ് എഴുതപ്പെട്ട പ്രതാപ മുതലിയാർ ചരിത്രത്തിലും അവിടവിടെ നിഴലിച്ചു കാണാനുണ്ട്. മാതൃഭൂമിയോടുള്ള ആദരം ഗ്രന്ഥകാരന്ന് മാതൃഭാഷയോടുമുണ്ട്. എന്നാലും, ഇന്നത്തെ സങ്കുചിതമായ തനിത്തമിഴ് വാദം അന്നു തല പൊക്കിയിരുന്നില്ല. "അഗസ്ത്യരുടെ നാവിൽ പിറന്ന്, സംസ്കൃതത്തിന്റെ മടിയിൽ വളർന്ന്, ആന്ധ്രം മുതലായ ഭാഷകളുടെ സഖ്യം നേടി" ദ്രാവിഡ ദേശത്തിൽ ഏകാധിപത്യം ചെലുത്തി വന്നതാണ് അദ്ദേഹത്തിന്റെ തമിഴ്. സംസ്കൃത വാക്കുകൾക്കു് തമിഴ് ചൊൽകളെ അപേക്ഷിച്ച് ഒരപകർഷവും വേദനായകംപിള്ള കണ്ടില്ല, സംസ്കൃതപദങ്ങളും തമിഴപദങ്ങളും ഇടകലന്ന് പ്രസന്നഗംഭീരമായ ഒരു മണിപ്രവാളശൈലിയാണ് പ്രതാപമുതലിയാർ ചരിത്രത്തിലുള്ളത്. ഈയിടെ പ്രതാപമുതലിയാർ ചരിത്രത്തിന്റെ ഒരു പുതിയ പതിപ്പ് പുറത്തുവന്നിട്ടുണ്ട്. വേദനായകംപിള്ളയുടെ ലളിത സുഭഗമായ ഭാഷാരീതിമാററി "തനിത്തമിഴാ"ക്കിയിരിക്കുകയാണ് ഈ പതിപ്പിൽ. ആധുനികരായ തമിഴരിൽ ചിലരുടെ അന്ധമായ തമിഴ് ക്കൂറും സംസ്കൃതവിരോധവും ഈ 'ക്ലാസ്സിക്കി'നെ കൂടി കടന്നു പിടിപെട്ടതു് പരിതാപകരമായിരിക്കുന്നു. ഭാഗ്യവശാൽ "കലൈമകൾ" പോലെ വിവേകശീലങ്ങളായ പത്രങ്ങൾ ഈ അക്രമത്തിനു തികച്ചും എതിരാണ്.

★

ഒരു ക്രൂരനായ വാദ്ധ്യാർ ആററിൽ കുളിച്ചുകൊണ്ടിരിക്കെ ഒഴുക്കിൽ അകപ്പെട്ടുപോയി. അപകടത്തിലായപ്പോൾ അയാളുടെ ഒരു ശിഷ്യൻ വെള്ളത്തിൽ ചാടി അയാളെ രക്ഷിച്ചു. തന്റെ കൃതജ്ഞത ഏതു പ്രകാരമാണു പ്രദർശിപ്പിക്കേണ്ടതെന്നറിയാതെ വാദ്ധ്യാർ കുഴങ്ങി.

"രാമാ" അയാൾ കുട്ടിയെ മാറോടണച്ചുകൊണ്ടു പറഞ്ഞു: "എന്റെ നന്ദി ഞാൻ എങ്ങനെയാണു കാണിക്കേണ്ടതു്? നാളെ ഞാൻ ക്ലാസ്സിൽവച്ച് ഈ സംഭവം വിസ്തരിച്ചുപറഞ്ഞു് മററുള്ള കുട്ടികളെ ധരിപ്പിക്കാമെന്നാണു വിചാരിക്കുന്നതു്. എന്താ?"

രാമൻ: അതുമാത്രം വേണ്ടാ സാർ! സാറിനെ ഞാൻ രക്ഷിച്ച കഥ മററു കുട്ടികൾ അറിഞ്ഞാൽ അവരെല്ലാംകൂടെ എന്നെ തല്ലിക്കൊല്ലും."